പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1989 — 17.3.2015-ലെ മറുപടിക്ക്

കാഞ്ഞങ്ങാട് ചെമ്മട്ടം വയലിലെ സബ് ജയിൽ

ചോദ്യം
ശ്രീ.ഇ.ചന്ദ്രശേഖരൻ

മറുപടി
ശ്രീ.രമേശ് ചെന്നിത്തല
(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി)

| | |
|---|---|
| എ) കാഞ്ഞങ്ങാട് ചെമ്മട്ടം വയലിൽ പ്രവർത്തിച്ചിരുന്ന സബ് ജയിൽ എന്നാണ് ജില്ലാ ജയിലാക്കി ഉയർത്തിയതെന്ന് അറിയിക്കാമോ; | എ) 10.05.2013-ലെ ജി.ഒ.(എം.എസ്.) നമ്പർ 129/2013/ആഭ്യന്തരം ഉത്തരവ് പ്രകാരമാണ് ജില്ലാ ജയിൽ ആയി ഉയർത്തിയിട്ടുള്ളത്. |
| ബി) ജില്ലാ ജയിലായി ഉയർത്തിയശേഷം ഏതൊക്കെ പുതിയ തസ്തികകളാണ് ഇവിടെ അനുവദിച്ചിട്ടുള്ളതെന്നും എന്തൊക്കെ അടിസ്ഥാന സൗകര്യങ്ങളാണ് വർദ്ധിപ്പിച്ചിട്ടുള്ളതെന്നും വ്യക്തമാക്കാമോ; | ബി) സബ് ജയിൽ ആയിരുന്നപ്പോൾ ഉള്ള തസ്തികകളും, സൗകര്യങ്ങളുമാണ് നിലവിലുള്ളത്. |
| സി) ഇവിടെ എത്ര സ്ത്രീ-പുരുഷ തടവുകാരെ പാർപ്പിക്കാനുള്ള സൗകര്യമാണുള്ളതെന്നും നിലവിൽ എത്ര തടവുകാരുണ്ടെന്നും വിശദീകരിക്കാമോ; | സി) 42 പുരുഷ തടവുകാരെയും, 12 സ്ത്രീ തടവുകാരെയും പാർപ്പിക്കുന്നതിനുള്ള ശേഷിയാണ് നിലവിലുള്ളത്. എന്നാൽ 11.3.2015 ലെ ലോക്കപ്പ് റിപ്പോർട്ട് പ്രകാരം ഇവിടെ 84 പുരുഷ തടവുകാരെയും 6 സ്ത്രീ തടവുകാരെയും പാർപ്പിച്ചിരിക്കുന്നു. |
| ഡി) കൂടുതൽ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ? | ഡി) പ്രസ്തുത ജയിലിൽ സ്ഥലസൗകര്യം കുറവായതിനാൽ സ്ഥലം ഏറ്റെടുക്കുന്നതുൾപ്പെടെയുള്ള നടപടികൾ പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ